ചുഴലിക്കാറ്റിന് സാദ്ധ്യത



തിരുവനന്തപുരം: ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട അതിതീവ്ര ന്യൂനമർദ്ദം വടക്ക് പടിഞ്ഞാറൻ ദിശയിൽ നീങ്ങുന്നുണ്ടെന്നും അത് ചുഴലിക്കാറ്റായി മാറി വടക്കൻ ആന്ധ്രയിലും തമിഴ്നാട്ടിന്റെ വടക്കൻ ഭാഗങ്ങളിലും ഇന്ന് വിശാനിടയുണ്ടെന്നും കാലാവസ്ഥാകേന്ദ്രം മുന്നറിയിപ്പ് നൽകി. അറബിക്കടലിന്റെ തെക്ക് കിഴക്ക്, തെക്ക് പടിഞ്ഞാറ് ഭാഗങ്ങളിൽ മീൻപിടിക്കാൻ ഇറങ്ങരുത്.

സംഘപരിവാർ രഹസ്യ ബാന്ധവത്തിന് തെളിവ്: ചെന്നിത്തല

തിരുവനന്തപുരം : ആർ.എസ്.എസിന്റെ ശാസ്ത്രവിഭാഗമായ വിജ്ഞാൻ ഭാരതിയുടെ ആഭിമുഖ്യത്തിൽ ഗുജറാത്തിൽ നടക്കുന്ന വേൾഡ് ആയുർവേദ കോൺഗ്രസിൽ സംസ്ഥാന ആരോഗ്യ മന്ത്രി കെ.കെ.ശൈലജ പങ്കെടുത്തതിന് പിന്നിൽ സംഘ്പരിവാർ- സി.പി.എം. രഹസ്യബാന്ധവമാണെന്ന് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. ഇത് കേന്ദ്രസർക്കാരിന്റെ പരിപാടിയാണെന്ന ആരോഗ്യ മന്ത്രിയുടെ ഓഫീസിന്റെ വിശദീകരണം വസ്തുതാപരമല്ല. സംസ്ഥാന സർക്കാരിന്റെ ഉത്തരവിൽ തന്നെ പറയുന്നത് ആയുർവേദ കോൺഗ്രസ് നടത്തുന്നത് വേൾഡ് ആയുർവേദ ഫൗണ്ടേഷനാണെന്നാണ്. സംഘപരിവാറിന്റെ വിജ്ഞാൻ ഭാരതിയുടെ കീഴിലുള്ള സംഘടനയാണ് ഫൗണ്ടേഷൻ. കേന്ദ്രസർക്കാരിന്റെ പരിപാടിയായിരുന്നെങ്കിൽ കേന്ദ്ര ആയുഷ് വകുപ്പാണ് ക്ഷണിക്കേണ്ടത്. ഇവിടെ മന്ത്രിയെ ക്ഷണിച്ചത് വിജ്ഞാൻ ഭാരതിയുടെ വേൾഡ് ആയുർവേദ ഫൗണ്ടേഷന്റെ ട്രഷറർ ഡോ. സുനിൽകുമാറാണെന്ന് ഉത്തരവിലുണ്ട്.

പരുമല സെന്റ് ഗ്രിഗോറിയോസ് ഇന്റർനാഷണൽ ക്യാൻസർ സെന്ററിന്റെ സ്നേഹ സ്പർശം അവാർഡ് ഡോ.എം.എ.യൂസഫ് അലിക്ക് ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ നൽകുന്നു. ഡോ.കെ.എസ് ചിത്ര, മെത്രാപ്പോലീത്തമാരായ ഡോ. യൂഹാനോൻ മാർ ദ്വിദിമോസ്, മാത്യൂസ് മാർ സേവേറിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, യാക്കോബ് മാർ ഐറോനിയോസ്, സഖറിയാസ് മാർ അപ്രം, മാത്യു. ടി. തോമസ് എംഎൽഎ എന്നിവർ സമീപം

വിമാനത്താവളത്തിൽ സുരക്ഷാ വീഴ്ച

കേന്ദ്ര മന്ത്രിയെ വിമാനം മാറ്റിക്കയറ്റി

തിരുവനന്തപുരം : മുംബയ് വിമാനത്താവളത്തിൽ സുരക്ഷയൊരുക്കുന്നതിലുണ്ടായ ഗുരുതര വീഴ്ചയിൽ കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം വിമാനം മാറിക്കയറി. തിരുവനന്തപുരത്തേക്ക് പോകാനെത്തിയ മന്ത്രിയെ സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരും സി.ഐ.എസ്.എഫും ചേർന്ന് ചെന്നൈയിലേക്കുള്ള വിമാനത്തിലാണ് കയറ്റിയത്.

> തനിക്കുണ്ടായ അനുഭവം ചരിത്രത്തിൽ മറ്റാർക്കെങ്കിലും ഉണ്ടായിട്ടുണ്ടോയെന്ന കാര്യം അറിയില്ല. ഒരു സിനിമയ്ക്കുള്ള കഥയുണ്ട്. എന്റെ ബാഗേജ് മറ്റേ വിമാനത്തിലായിരുന്നെങ്കിൽ എന്ത് സംഭവിച്ചേനെ. എന്തെങ്കിലുമൊക്കെ സംഭവിക്കാൻ കഴിയുന്ന കാര്യങ്ങളുണ്ട്. ഇതൊക്കെ നമ്മുടെ സംവിധാനങ്ങളുടെ വലിയ വീഴ്ചയാണ്.
>
> **-അൽഫോൺസ് കണ്ണന്താനം, കേന്ദ്രമന്ത്രി**

തിരുവനന്തപുരത്ത് തിക്കുറിശ്ശി ജന്മശതാബ്ദി ആഘോഷത്തോടനുബന്ധിച്ചുള്ള ദൃശ്യമാദ്ധ്യമ പുരസ്കാര സമർപ്പണത്തിനെത്തിയപ്പോൾ മന്ത്രിതന്നെയാണ് സുരക്ഷാവീഴ്ച വെളിപ്പെടുത്തിയത്. തിരുവനന്തപുരത്ത് ഇന്നലെ വൈകിട്ട് 5.30ന് നിശ്ചയിച്ചിരുന്ന പരിപാടിക്ക് ഏഴോടെയാണ് മന്ത്രി എത്തിയത്.

വിമാനത്തിൽ ഭക്ഷണം വിതരണം ചെയ്യാനെത്തിയ എയർഹോസ്റ്റസാണ് വിമാനം മാറിയതാണെന്ന് ക്യാപ്ടൻ അന്വേഷിച്ചു. എയർലൈൻസിന്റെ മറ്റൊരു വിമാനം അപ്പോൾ തിരുവനന്തപുരത്തേക്ക് പോകുന്നുണ്ടായിരുന്നു. തിരുവനന്തപുരത്തേക്കുള്ള ബോർഡിംഗ് പാസായിരുന്നതിനാൽ വിമാനത്തിൽ നിന്നിറങ്ങാൻ പൊലീസുകാർ അനുവദിച്ചില്ല. ഒടുവിൽ സി.ഐ.എസ്.എഫിന്റെ ഇൻസ്പെക്ടറെത്തി രണ്ട് മിനിട്ടിനുള്ളിൽ ബോർഡിംഗ് പാസ് സംഘടിപ്പിച്ചാണ് തന്നെ തിരുവനന്തപുരത്തേക്ക് വിട്ടതെന്ന് മന്ത്രി പറഞ്ഞു.

അതേസമയം ചീത്തപ്പേരാകുമെന്നതിനാൽ ഏത് എയർലൈൻസിലാണ് യാത്രചെയ്തതെന്ന് വ്യക്തമാക്കാൻ മന്ത്രി തയ്യാറായില്ല.

ചിത്രയുടെ മകളുടെ ഓർമ്മയ്ക്കായി കാൻസർ വാർഡ്

മാന്നാർ : പരുമല സെന്റ് ഗ്രിഗോറിയോസ് ഇന്റർനാഷണൽ കാൻസർ സെന്ററിൽ ഗായിക ചിത്രയുടെ മകൾ നന്ദനയുടെ ഓർമ്മയ്ക്കായി വാർഡ് തുറന്നു. നിർദ്ധന കാൻസർരോഗികൾക്കായി ഇവിടെ നടപ്പിലാക്കി വരുന്ന സ്നേഹ സ്പർശം പദ്ധതിയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ചാണ് പുതിയ വാർഡ് തുറന്നത്. വാർഡിന്റെ ഉദ്ഘാടനം എംഎ യൂസഫ് അലി നിർവഹിച്ചു. ഇതോടനുബന്ധിച്ച് ചേർന്ന പൊതുസമ്മേളനം മുൻ മന്ത്രി മാത്യു ടി. തോമസ് ഉദ്ഘാടനം ചെയ്തു.

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ അദ്ധ്യക്ഷനായിരുന്നു.

കെ.എസ് ചിത്ര, മെത്രാപ്പോലീത്തമാരായ ഡോ. യൂഹാനോൻ മാർ ദ്വിദിമോസ്, മാത്യൂസ് മാർ സേവേറിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, യാക്കോബ് മാർ ഐറോനിയോസ്, സഖറിയാസ് മാർ അപ്രം, ഫാ.എം.ഒ. ജോൺ, ഫാ.എം.സി.കുര്യാക്കോസ്, ഫാ.തോമസ് കുര്യൻ, ബില്ലു ഉമ്മൻ, ഷിബുവർഗീസ് എന്നിവർ പ്രസംഗിച്ചു.

ഈ വർഷത്തെ സ്നേഹ സ്പർശം അവാർഡ് ഡോ.എം.എ.യൂസഫലിക്ക് കാതോലിക്കാബാവ സമ്മാനിച്ചു.

കോടതിയിലേക്ക് പ്ലക്കാർഡുകളുമേന്തി വയൽക്കിളികൾ

തളിപ്പറമ്പ്. ബൈപാസിനുവേണ്ടി സ്ഥലം അളക്കാനെത്തിയ ദേശീയപാത അധികൃതരെ ആത്മഹത്യാഭീഷണി മുഴക്കി തടഞ്ഞുവെന്ന കേസിൽ വയൽക്കിളികൾ തളിപ്പറമ്പ് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലേക്ക് വന്നത് കീഴാറ്റൂരിൽ നിന്ന് പ്ലക്കാർഡുകളേന്തി പ്രകടനമായി. പ്രളയാനന്തര കേരളത്തിൽ കന്നുകളും മലകളും വയലുകളും നശിപ്പിക്കുവാൻ അനുവദിക്കില്ല, നവകേരള നിർമ്മിതി നികത്തിക്കൊണ്ടാവരുത് തുടങ്ങിയമുദ്രാവാക്യങ്ങളടങ്ങിയ പ്ലക്കാർഡുകളാണ് ഇവർ ഉയർത്തിയത്.

കീഴാറ്റൂരിൽ നിന്ന് വയൽക്കിളികൾ തളിപ്പറമ്പ് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയ്ക്കു മുന്നിൽ ഹാജരാകാൻ പ്രകടനമായി പുറപ്പെട്ടപ്പോൾ

കഴിഞ്ഞമാർച്ച് 14ന് ഹൈവേ അതോറിറ്റി സർവ്വേക്കെത്തിയപ്പോഴാണ് വയൽക്കിളികൾ ദേഹത്ത് മണ്ണെണ്ണയൊഴിച്ച് ആത്മഹത്യ ഭീഷണി മുഴക്കി ഉദ്യോഗസ്ഥരെ തടഞ്ഞത്. സംഭവത്തിൽ കീഴാറ്റൂർ സമരനേതാവ് സുരേഷ് കീഴാറ്റൂർ ഉൾപ്പെടെ 48 വയൽക്കിളി പ്രവർത്തകർക്കതിരെയും ഐക്യദാർഢ്യ സമിതി കൺവീനർ നോബിൾ പൈകടക്കെതിരെയും കേസെടുത്തിരുന്നു. കേസ് പരിഗണിക്കുന്നത് കോടതി ഏപ്രിൽ മാസത്തിലേക്കു മാറ്റിവച്ചു.

സംസ്ഥാനം ആയിരം കോടി വായ്പയെടുക്കും

തിരുവനന്തപുരം: സംസ്ഥാനത്തിന്റെ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റാൻ ആയിരം കോടിരൂപ കടമെടുക്കാൻ സർക്കാർ തീരുമാനിച്ചു. കടപത്രം പുറപ്പെടുവിച്ചാണ് വായ്പയെടുക്കുന്നത്. 18ന് റിസർവ് ബാങ്കിന്റെ മുംബയ് ഫോർട്ട് ഓഫീസിൽ ഇ-കുബേർ സിസ്റ്റത്തിലൂടെയാണ് ലേലം.

ശബരിമലയിൽ നിരോധനാജ്ഞ പിൻവലിക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടേറിയറ്റിന് മുന്നിൽ അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം കിടക്കുന്ന സി.കെ പദ്മനാഭനെ ബി.ജെ.പി ദേശീയ നിർവ്വാഹകസമിതി അംഗം പി.കെ കൃഷ്ണദാസ് സന്ദർശിക്കാനെത്തിയപ്പോൾ

രാഹുൽ ഈശ്വറിന്റെ ജാമ്യം റദ്ദാക്കി, അറസ്റ്റ് ചെയ്യാൻ കോടതി ഉത്തരവ്

പത്തനംതിട്ട : പമ്പ സ്റ്റേഷൻ പരിധിയിൽ പൊലീസിന്റെ കൃത്യനിർവഹണം തടസപ്പെടുത്തിയ കേസിൽ രാഹുൽ ഈശ്വറിന്റെ ജാമ്യം റദ്ദാക്കിയ റാന്നി ഗ്രാമ്യന്യായാലയ കോടതി അറസ്റ്റ് ചെയ്യാൻ ഉത്തരവിട്ടു. രണ്ട് മാസം എല്ലാ ശനിയാഴ്ചകളിലും പൊലീസ് സ്റ്റേഷനിലെത്തി ഒപ്പിടണമെന്ന വ്യവസ്ഥലംഘിച്ചതിനാലാണ് കോടതി ഉത്തരവ്. ശനിയാഴ്ചകളിൽ രാവിലെ 9 നും 11 നും ഇടയ്ക്ക് പമ്പാ പൊലീസ് സ്റ്റേഷനിൽ ഹാജരായി ഒപ്പിടണമെന്നായിരുന്നു വ്യവസ്ഥ. നവംബർ 24ന് വീണ്ടും ദർശനത്തിന് എത്തിയപ്പോൾ രാഹുലിനെ നിലയ്ക്കലിൽ പൊലീസ് തടഞ്ഞു. പമ്പയിലേക്ക് പോകാൻ അനുവദിക്കാതിരുന്നതിനാൽ ഒപ്പിടുന്നത് പത്തനംതിട്ട പൊലീസ് സ്റ്റേഷനിലായിരുന്നു. കഴിഞ്ഞ രണ്ടാഴ്ചയായി ഒപ്പിടാൻ രാഹുൽ ഈശ്വർ എത്തിയില്ലെന്ന് പൊലീസ് കോടതിയിൽ റിപ്പോർട്ട് നൽകിയിരുന്നു.

കഴിഞ്ഞ 8ന് രാഹുൽ ഒപ്പിടാൻ എത്തിയില്ലെന്ന് പൊലീസ് അറിയിച്ചതിനെ തുടർന്ന് 14ന് കാരണം ബോധിപ്പിക്കാൻ കോടതി നിർദേശമുണ്ടായി. കാരണം ബോധിപ്പിക്കാൻ രാഹുലിന്റെ അഭിഭാഷകൻ എത്തിയപ്പോൾ ഇന്നലെ രാഹുൽ നേരിട്ട് ഹാജരാകാൻ നിർദേശിക്കുകയായിരുന്നു. രാഹുൽ ബംഗളൂരുവിൽ ആണെന്ന് കാണിച്ച് അഭിഭാഷകൻ അപേക്ഷ നൽകിയെങ്കിലും അംഗീകരിക്കാൻ കോടതി തയാറായില്ല . ഒക്ടോബർ 17 നാണ് സന്നിധാനത്ത് നിന്ന് രാഹുലിനെ പൊലീസ് അറസ്റ്റ് ചെയ്തത്. ഒക്ടോബർ 29ന് കോടതി കർശന വ്യവസ്ഥകളോടെ ജാമ്യം അനുവദിച്ചു. അതേസമയം പൊലീസ് വ്യക്തി വിരോധം തീർക്കുകയാണെന്നും ഏഴാം തീയതി ഡൽഹിയിൽ ആയതിനാൽ എട്ടിന് വൈകിയാണ് എത്തിയതെന്നും ഇത് പൊലീസുകാരെ അറിയിക്കുകയും 9ന് രാവിലെ എത്തിയപ്പോൾ ഒപ്പിടാൻ അനുവദിച്ചില്ലെന്നും രാഹുൽ ഈശ്വർ പറഞ്ഞു.

വനിതാ മതിൽ വിഭജനത്തിന്: പി.കെ. കൃഷ്ണദാസ്

തിരുവനന്തപുരം: സർക്കാരിന്റെ വനിതാമതിൽ ഭൂരിപക്ഷ, ന്യൂനപക്ഷ വിഭജനത്തിനിടയാക്കുമെന്ന് ബി.ജെ.പി ദേശീയ നിർവാഹക സമിതി യംഗം പി.കെ. കൃഷ്ണദാസ്. ശബരിമലയിലെ നിരോധനാജ്ഞ പിൻവലിക്കണമെന്നാവശ്യപ്പെട്ട് ബി.ജെ.പി മുൻ അദ്ധ്യക്ഷൻ സി.കെ. പത്മനാഭൻ നടത്തുന്ന അനിശ്ചിതകാല നിരാഹാര സമരത്തിന്റെ ആറാം ദിനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമരം ഇന്നലെ 13 ദിവസം പിന്നിട്ടു.

വനിതാമതിലിൽ ഹിന്ദു സംഘടനകളെ മാത്രം ഉൾപ്പെടുത്തുകയും, മറ്റ് ന്യൂനപക്ഷ മതക്കാരെ ഒഴിവാക്കുന്നതും സംശയകരമാണ്. ഹിന്ദുക്കൾ പുരോഗമനവാദത്തിനുംനവോത്ഥാനത്തിനും എതിരാണോ യെന്ന് മുഖ്യമന്ത്രി പറയണം. സ്കൂൾ കുട്ടികളെ പോലും പങ്കെടുപ്പിക്കണമെന്നാണ് നിർദ്ദേശം. കഞ്ഞുമനസിൽപോലും വിഭജനത്തിന്റെ വിഷവിത്ത് വിതയ്ക്കാനാണ് ശ്രമം.

ബി.ജെ.പിയുടെ സമരം അവസാനിപ്പിക്കാനായി ചർച്ചയ്ക്ക് വിളിക്കാൻ പോലും സർക്കാർ തയ്യാറായിട്ടില്ല. ബ്രിട്ടീഷുകാരുടെ കാലത്ത് സമരക്കാരെ ചർച്ചയ്ക്ക് വിളിച്ചിട്ടുണ്ട്. ആമാന്യതപോലും ഫാസിസ്റ്റ് ഭരണാധികാരിയായ പിണറായിയിൽ നിന്നുണ്ടാകുന്നില്ല. ഇപ്പോൾ നടക്കുന്നത് വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള സമരമാണ്. വിശ്വാസികൾ ബി.ജെ.പിക്ക് ഒപ്പമാണെന്നും അദ്ദേഹം പറഞ്ഞു.

കെ. പി. എം. എസ് സംസ്ഥാന അദ്ധ്യക്ഷൻ എൻ. കെ. നീലകണ്ഠൻ, ബി.ജെ.പി ജനറൽ സെക്രട്ടറി ജെ.ആർ. പത്മകുമാർ, സംസ്ഥാന സെക്രട്ടറിമാരായ എ.കെ.നസീർ, സി. ശിവൻകുട്ടി തുടങ്ങിയവർ സംസാരിച്ചു.

വനിതാ മതിൽ: സർക്കാർ സംവിധാനം ദുരുപയോഗം ചെയ്യുന്നെന്ന്

കോട്ടയം: വനിതാമതിലിനായി സർക്കാർ സംവിധാനങ്ങൾ ദുരുപയോഗം ചെയ്യുകയാണെന്ന് ബി. എം. എസ് അഖിലേന്ത്യ ഓർഗനൈസിംഗ് സെക്രട്ടറി ബി. സുരേന്ദ്രജി പറഞ്ഞു. കേരള എൻ.ജി.ഒ സംഘ് സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആശാ വർക്കർമാർ, അംഗൻവാടിജീവനക്കാർ എന്നിവരെ ഉൾപ്പെടുത്തിയാണ് വനിതാമതിൽ സംഘടിപ്പിക്കുന്നത്. ഇതിലൂടെ സർക്കാരിന് എന്ത് നേട്ടമാണ് ഉള്ളത്. പ്രളയത്തിന്റെ പേരിൽ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം പിടിച്ചെടുക്കാൻ സർക്കാർ ശ്രമിച്ചപ്പോൾ അതിനെതിരെ പ്രതികരിച്ചത് എൻ.ജി.ഒ സംഘ് മാത്രമാണ്.

കേരള എൻ.ജി.ഒ സംഘ് സംസ്ഥാന പ്രസിഡന്റ് പി. സുനിൽകുമാർ അദ്ധ്യക്ഷതവഹിച്ചു. ബി. എം. എസ് സംസ്ഥാന പ്രസിഡന്റ് കെ.കെ. വിജയകുമാർ, എൻ.ജി.ഒ സംഘ് സംസ്ഥാന ജനറൽ സെക്രട്ടറി എസ്. കെ. ജയകുമാർ, സ്വാഗതസംഘം ചെയർമാൻ സി.ഐ. ഐസക്, എൻ. ജി.ഒ സംഘ് പ്രദാരിസി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ, ആർ.ആർ.കെ.എം.എസ് അഖിലേന്ത്യാ ഉപാദ്ധ്യക്ഷൻ സി. സുരേഷ്കുമാർ, ഫെറ്റോ സംസ്ഥാന പ്രസിഡന്റ് പി.എസ്. ഗോപകുമാർ, ബി.എം.എസ് സംസ്ഥാന ജനറൽ സെക്രട്ടറി എം.പി. രാജീവൻ, കെ. വിനോദ്കുമാർ എന്നിവർ പ്രസംഗിച്ചു. ശ്രീനാരായണ ഗുരുദേവൻ അടക്കമുള്ള നവോത്ഥാന നായകർ തകർത്ത മതിൽ തിരിച്ച് കെട്ടാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തിയ മുൻ ഡി.ജി.പി ടി.പി. സെൻകുമാർ പറഞ്ഞു.

വനിതാമതിൽ: കെ.പി.എം.എസ് നേതൃയോഗം നാളെ

കൊച്ചി: വനിതാമതിലിൽ നിലപാടെടുക്കാൻ കേരളപുലയർ മഹാസഭയുടെ സംസ്ഥാന നേതൃയോഗം ഡിസംബർ 17 ന് എറണാകുളം ടൗൺ ഹാളിൽ ചേരുമെന്ന് സംസ്ഥാന പ്രസിഡന്റ് വി. ശ്രീധരൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 1116 പ്രതിനിധികൾ പങ്കെടുക്കും. ജനറൽ സെക്രട്ടറി പുന്നല ശ്രീകുമാർ ഉദ്ഘാടനം ചെയ്യും. സെക്രട്ടേറിയേറ്റ് അംഗങ്ങളായ രമേശ് മണി, ടി.എ. വേണു, ജില്ലാ സെക്രട്ടറി കെ. എം. സുരേഷ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice faster response

Matrimonial Bride Wanted

ഈഴവ യുവാവ് – 33, പൂരം, MBA, SAP, MNC, TVM. ബ്യൂറോയല്ല.
Ph. 8075713667, 9995198841

ഈഴവ യുവാവ് – 32, 178, അനിഴം, 2 പാപം, MBA - HR, Qatar. കൊല്ലം, തിരുവനന്തപുരം മുൻഗണന.
9567730065

ഈഴവ യുവാവ്– 37, അത്തം, ശുദ്ധജാതകം, JCB ഓപ്പറേറ്റർ, ഇടത്തരം കുടുംബം, തിരുവനന്തപുരം.
8943543551

ഈഴവ യുവാവ് – പൂരാടം, 177 cm, +2, ITI, 10.02.1983, 1.40 a.m., സ്വന്തം സ്ഥാപനം. ബ്യൂറോയല്ല. ആറ്റിങ്ങൽ, TVM.
9072340791

ഈഴവ യുവാവ് – 31, 185 cm, മൂലം, 29.09.1987, 11.26 p.m., ബിസിനസ്. ആലോചനകൾ ക്ഷണിക്കുന്നു. സാമ്പത്തികശേഷി പ്രശ്നമല്ല. ബ്യൂറോയല്ല.
9846946188

ഈഴവ യുവാവ്– 12.08.1996, വിശാഖം, പാപജാതകം, 5½ പാപം, സമയം രാത്രി 10.05, ITC, ഓട്ടോ ഇലക്ട്രീഷ്യൻ. ബ്യൂറോ അല്ല.
Phone : 9847593109, 9745268814.

ഹിന്ദു, ഈഴവ യുവാവ് – കാർത്തിക, 27.10.1989, 11 a.m, TTC, Computer Diploma, Graphic Designer (TV Channel - Bangalore), 75 kg, 168 cm, ശാസ്താംകോട്ട, കൊല്ലം.
Phone : 8281293919, 9108547741.

ഈഴവത്തി യുവാവ്- 30, 170, രോഹിണി, 4½ പാപം, എസ്.എസ്.എൽ.സി, ഇലക്ട്രോണിക്& മൊബൈൽ വർക്ക്.
9847423808

ഈഴവ യുവാവ് – 28, 176, M.Sc, MBA, Government Development ഓഫീസർ.
9544546927, 9605143696

ഈഴവ യുവാവ്– 29, പുനലൂർ, ആയില്യം, Software Engineer, Dubai. E. 3350900.
9446111514

ഈഴവ യുവാവ് – അനിഴം, ചെറിയപാപം, 29, ITI Diploma, സൗദിയിൽ ജോലി, കൊല്ലം ജില്ല. 9497767955

ഈഴവ യുവാവ് – 29, തിരുവാതിര, 164, 4½ പാപം, Pvt. Job, ഇടത്തരം കുടുംബം, കൊല്ലം. ബ്യൂറോ അല്ല.
9656267274, 9744617276

ഈഴവ യുവാവ്– കാർത്തിക, ITC, ഇലക്ട്രിഷ്യൻ, 162 cm, 23.06.1987, 6½ പാപം, 7.45 p.m. ലീവിലുണ്ട്. 9349407323

ഈഴവ യുവാവ് – TVM, കാർത്തിക, 09.11.1984, കമ്പനി ജോലി, M.Sc., M.Tech. 8943040459

ഈഴവ യുവാവ് – 15.4.1985, 11.50 p.m., 172 cm, ചതയം, ശുദ്ധം, Kollam, Accountant (Private) B.A.
0474 - 2771290 (H) 9846684398 (F)

ഈഴവ യുവാവ്– 13.07.1987, അവിട്ടം, ശുദ്ധം, 10.35 a.m, B.Sc, Hotel Management, working in TATA. 9446491116

ഈഴവ യുവാവ്, 44/170cm, കാർത്തിക, സർക്കാർ ജോലി, എറണാകുളം, ആദ്യ വിവാഹം. 9895447783

ഈഴവ യുവാവ് – 25, മകയിരം, +2, ITI, Civil, കുവൈറ്റ്. 7–ലോ 8–ലോ പാപമുള്ള ആലോചനകൾ ക്ഷണിക്കുന്നു. അച്ഛൻ റിട്ട. Central Govt., ഇടത്തരം കുടുംബം, TVM ജില്ല.
9746152946, 9539052641

ഈഴവ യുവാവ് – 28, MBA., കാനഡയിൽ ഉദ്യോഗസ്ഥൻ, ലീവിലുണ്ട്. സാമ്പത്തികം, വിദ്യാഭ്യാസം പ്രശ്നമല്ല.
9072985942

ഈഴവ യുവാവ് – 31, 170, M.Tech, Central Govt., Bangalore, ചതയം. E 3373732,
9526370023, 9656382537

ഈഴവ യുവാവ് – 28, B.Sc., ബ്ലോക്ക് പഞ്ചായത്തിൽ ഓഫീസർ. സാമ്പത്തികം, ജോലി കാര്യമാക്കുന്നില്ല.
7356173866

Ezhava boy - 26, 170, M.Tech, IIT, ISRO Scientist. Seeks alliance.
8129393886, 9946096728

Ezhava boy - 27, 174, Makam, M.Sc., Gazetted Officer, Central Govt. (Tvpm).
9633804338, 7356152528

ഈഴവയുവാവ്, 28/170, വിശാഖം, BE (in printing) & MBA (Marketing), ബിസിനസ് ഡവലപ്മെന്റ് മാനേജർ, മുംബൈയിൽ സ്ഥിരതാമസം, പത്തനംതിട്ട. സമാന വിദ്യാഭ്യാസ യോഗ്യതയുള്ള പെൺകുട്ടികളുടെ ആലോചന ക്ഷണിക്കുന്നു.
9819359167

കൊല്ലം ഈഴവ യുവാവ് B.Tech റെയിൽവേ പൈലറ്റ് ചതയം 28/167cm ചെറിയ പാപം ബ്യൂറോയല്ല
9497836675, 8330866076

ഈഴവ യുവാവ്-17.5.1978, 11.05 AM, കൊല്ലം, 165, ഭരണി, ശുദ്ധം, B.A, COPA, ദുബായ്, ഇപ്പോൾ നാട്ടിലുണ്ട്, ബാദ്ധ്യതയില്ലാത്ത പുനർവിവാഹവും പരിഗണിക്കും, ബ്യൂറോയല്ല.
9745824769, 8086716974

ഈഴവ യുവാവ്-33, ഉത്രം, ഗവ. ജോലി, അറ്റന്റർ, ഗവ. ജോലിയുള്ളവർക്ക് മുൻഗണന ബ്യൂറോയല്ല. 9496116751

ഈഴവ യുവാവ് മകം 36/168 KSFE ഉദ്യോഗസ്ഥൻ കൊല്ലം ജില്ല ബ്യൂറോയല്ല 9605520257

മാനസിക രോഗത്തിന് ചികിത്സയിലായിരുന്ന ഈഴവ യുവാവ്-31/165 ബി സി നസ്സ്, B.Tech Completed, തൃക്കേട്ട, ശുദ്ധജാതകം, സാമ്പത്തികം പ്രശ്നമല്ല.
9747657473, 8129145503

ഈഴവ യുവാവ്, 32, തിരുവാതിര, എഞ്ചിനീയർ അമേരിക്ക, പുനർവിവാഹം 7907775726, 8848633251

കൊച്ചി, ഈഴവ യുവാവ്, ജനനം 9-2-79, പൂണർതം, 176 സെ.മി., ബി.കോം, ഐ.ടി.സി, സ്വന്തം ബിസിനസ്സ്. ഇരുനിറം 0484-2395797, 9746380598 9287537232

ഈഴവ യുവാവ്, പത്തനംതിട്ട, 21-6-1988, 4.15pm, പൂരം, 170, മൂന്നേമുക്കാൽ പാപം, ഡിപ്ലോമ എൻജിനീയർ, സൗദി അറേബ്യയിൽ സൂപ്പർവൈസർ, ബ്യൂറോയല്ല.
9495266029

ഈഴവ ഇരട്ട യുവാക്കൾ
26, പൂരം, B.Tech, സ്വന്തമായി ബിസിനസ് ചെയ്യുന്നു. ബ്യൂറോയല്ല. പത്തനംതിട്ട ജില്ല. അനയോജ്യരായ ഇരട്ട പെൺകുട്ടികളുടെ മാതാപിതാക്കളിൽനിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.
9744413780

ഈഴവ യുവാവ് – 29, 175, രേവതി, M.Tech, State Government Engineer, തിരുവനന്തപുരം. ആലോചനകൾ ക്ഷണിക്കുന്നു.
8943675980

ഈഴവ യുവാവ് – 30, 174, ചോതി, ബഹറിനിൽ ജോലി, ലീവിലുണ്ട്. ബ്യൂറോ അല്ല.
9961876989

ഈഴവ യുവാവ് – 07.12.1984 പകൽ 1.10, കാർത്തിക, 172 cm, MBA, വിദേശത്ത് ജോലി. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. കുട്ടിയുടെ ജോലി, സാമ്പത്തികം കാര്യമാക്കുന്നില്ല. 9895740254

Male - 40, Hindu, B.Com, Accountant. ബ്യൂറോ അല്ല.
9037795529, 9995305131.

ഈഴവ യുവാവ്– 28, B.Tech, PWD ഉദ്യോഗസ്ഥൻ. സാമ്പത്തികം, വിദ്യാഭ്യാസം പ്രശ്നമല്ല. 7034035731

ഈഴവ യുവാവ് – ഭരണി, 32, ഇലക്ട്രിക് സൂപ്പർവൈസർ, 175 cm, ഖത്തർ, ശുദ്ധം. ബ്യൂറോ അല്ല.
9747012653

ഈഴവ യുവാവ് – തിരുവോണം, 35, 170, അബുദാബി NPCC Electrician. ബ്യൂറോ അല്ല.
8547470706

ഈഴവ യുവാവ് – DOB : 26.12.1984, 2.20 p.m, അവിട്ടം, ഹോട്ടൽ മാനേജ്മെന്റ്, കുവൈറ്റ്. തിരുവനന്തപുരം ജില്ല.
9495270376, 8089380354.

ഈഴവ യുവാവ്, 28, ചതയം, എഞ്ചിനീയർ റെയിൽവേ
8921479766, 8921763805

ഈഴവ യുവാവ്, 38, പൂയം, പ്രീഡിഗ്രി, ബിസിനസ്, സാമ്പത്തികം ഉണ്ട്, പത്തനംതിട്ട ജില്ല, ബ്യൂറോ അല്ല.
7592031928

ഗവ.ഉദ്യോഗസ്ഥൻ
നായർ, 44, 175, തിരുവാതിര. വിവാഹാലോചനകൾ ക്ഷണിക്കുന്നു. 9947902999

പുനർവിവാഹം
ഈഴവ യുവാവ്– 30.11.1981, 10.20 p.m., ഉത്രാടം, ലഗ്നാൽ 7–ൽ പാപം, 2–ൽ കുജൻ, MFA, Creative Visualizer, Advertising Company, കൊല്ലം ജില്ല. ബ്യൂറോ അല്ല. KMID E - 4297730
Phone : 0474 - 2515989 9746328877

പുനർവിവാഹം
ഈഴവ യുവാവ്– 44, 165, തിരുവാതിര, ഗവ. ജോലി, ഭാര്യ മരിച്ചു. 9497619845

EZHAVA DOCTOR - MD GOVT. MED. COLLEGE
Asst. Professor, 02.05.1980, അനിഴം, 10.30 p.m, ശുദ്ധം, 171 cm. അനുയോജ്യമായത്.
0471 - 2551527, 9496547269.

GENERAL MANAGER, B.TECH, MBA
Ezhava youth - Makayiram, working in a reputed institution in